ഒരു ആര്യസമാജം പ്രസിദ്ധീകരണം
*Date of Publication 10/06/2018*

*RNI NO. KERMAL /2013/53849*
*REGISTERED NO. OTTAPALAM/5/2017-19*

## വായിക്കുക! പ്രചരിപ്പിക്കുക! വരിക്കാരാവുക!

ദയാനന്ദ സന്ദേശം വൈദിക മാസിക

## ദയാനന്ദ സന്ദേശം വൈദിക മാസിക

**സത്യ – സനാതന – വൈദികധർമ്മ സന്ദേശം!**
**അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരായ**
**വൈദിക സിംഹഗർജ്ജനം!**
**ആര്യധർമ്മ (ഹിന്ദു ധർമ്മ) ത്തിന്റെ പാഞ്ചജന്യം!**

**വാർഷിക വരിസംഖ്യ ₹ 100/– ദീർഘകാലം ₹ 1500/–.**
**വരിസംഖ്യ (M.O) അയ്ക്കേണ്ട വിലാസം**
**വ്യവസ്ഥാപകൻ, ദയാനന്ദസന്ദേശം,**
**ആര്യസമാജം, വെള്ളിനേഴി (P.O), പാലക്കാട് – 679 504**
*Email: dayanandasandesam@gmail.com*

**ബാങ്ക് വഴി വരിസംഖ്യ അടയ്ക്കുന്നവർ 25 രൂപ**
**ബാങ്ക് ചാർജ്ജിനത്തിൽ അടയ്ക്കേണ്ടതാണ്.**

**DAYANANDA SANDESAM**
**Bank Account No: 4264000100072426, IFSC Code : PUNB 0426400**
**Punjab National Bank- Cherpalcheri Branch**

*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*
*Email: dayanandasandesam@gmail.com* *Phone: 09562529095*



ओ३म्

# ദയാനന്ദ സന്ദേശം


ആര്യസമാജത്തിന്റെ മുഖപത്രം
**വൈദിക–ദാർശനിക മാസിക**
**DAYANANDA SANDESAM**
ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!



പുസ്തകം : 6 ലക്കം 12

സൃഷ്ടി സംവത്സരം 1972949120 കലിവർഷം 5120 ജ്യേഷ്ഠം – ആഷാഢം
1193 എടവം – മിഥുനം 2018 ജൂൺ

വാർഷിക വരിസംഖ്യ: ₹ 100/- ദീർഘകാലം: ₹1500/-



**ഡോ. ശ്യാമപ്രസാദ് മുഖർജി (1901– 1953)**

**ഭാരത ചരിത്രത്തിൽ ഈ മാസം ഓർക്കേണ്ട പ്രധാന ദിനങ്ങൾ**

| | |
|---|---|
| ജൂൺ 1 | : ഡി.എ.വി (ദയാനന്ദ് ആംഗ്ലോ വേദിക് കോളേജ്) സ്ഥാപന ദിനം |
| ജൂൺ 8 | : റാണി ലക്ഷ്മീബായ് രക്തസാക്ഷിദിനം |
| ജൂൺ 21 | : ഡോ.ഹെഡ്ഗേവാർ നിർവ്വാണദിനം |
| ജൂൺ 23 | : ഡോ.ശ്യാമപ്രകാശ് മുഖർജി രക്തസാക്ഷിദിനം |
| ജൂൺ 27 | : ബങ്കിംചന്ദ്ര ചാറ്റർജി ജന്മദിനം |

*"മാനവരെല്ലാം ആര്യന്മാർ!*
*വേദജ്ഞാനം ഈശ്വരദത്തം!*
*സേവനമല്ലോ നമ്മുടെ ധർമ്മം!"*

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം



**മണ്ഡലം 1 സൂക്തം 8**

**മധുച്ഛന്ദാ ഋഷിഃ ഇന്ദ്രോദേവതാ പ്രതിഷ്ഠാഗായത്രീഛന്ദഃ ഷഡ്ജഃ സ്വരഃ**

**ഇന്ദ്ര ത്വോതാസ ആവയം വജ്രം ഘനാ ദദീമഹി।**
**ജയേമ സംയുധി സ്പൃധഃ॥ (ഋഗ്വേദം 1.8.3)**

**പദാർത്ഥം:** അല്ലയോ (ഇന്ദ്ര) അനന്തബലവാനായ ഈശ്വരാ! (ത്വോതാസഃ) അങ്ങയുടെ ആശ്രയത്താൽ രക്ഷ, ബലം എന്നിവ പ്രാപിച്ച (വയം) ഞങ്ങൾ ധാർമ്മികരും ശൂരവീരന്മാരുമായിത്തീർന്ന് തങ്ങളുടെ വിജയത്തിനായി (വജ്രം) ശത്രുനാശത്തിനായി ആഗ്നേയാസ്ത്രവും (ഘനാ) ശ്രേഷ്ഠ ശസ്ത്രങ്ങളുടെ സമൂഹത്തെ അവയെ ഭാഷയിൽ പീരങ്കി, തോക്ക്, വാൾ, അമ്പുംവില്ലും എന്നിങ്ങനെ പ്രസിദ്ധമാണല്ലോ, അവയെ യുദ്ധകാര്യത്തിനായി (അവദീമഹി) ഗ്രഹിച്ചാലും. ഏതു പ്രകാരത്തിലാണോ അങ്ങയുടെ ആശ്രയത്താലും സൈന്യത്തിന്റെ പൂർണ്ണസാമഗ്രികളാലും (സ്പൃധഃ) ഈർഷ്യചെയ്യുന്ന ശത്രുക്കളെ (യുധി) യുദ്ധത്തിൽ ജയിക്കട്ടെ.

**ഭാവാർത്ഥം:** ധർമ്മത്തിന്റേയും ഈശ്വരന്റേയും ആശ്രയത്താൽ ശാരീരികപുഷ്ടി, വിദ്യ എന്നിവയാൽ ആത്മാവിന്റെ ബലവും അതേപോലെ യുദ്ധത്തിന്റെ പൂർണ്ണസാമഗ്രികൾ, പ്രതിരോധം, ഉത്സാഹം തുടങ്ങിയ ശ്രേഷ്ഠഗുണങ്ങൾ ഗ്രഹിച്ച് ദുഷ്ടശത്രുക്കളെ പരാജയപ്പെടുത്തുന്നതിലൂടെ തങ്ങളുടേയും സർവ്വപ്രാണികളുടേയും സുഖത്തെ വർദ്ധിപ്പിക്കുക എന്നതാണ് മനുഷ്യർക്ക് ഉചിതമായിട്ടുള്ളത്.

**(മഹർഷി ദയാനന്ദസരസ്വതിയുടെ ഋഗ്വേദഭാഷ്യത്തിൽ നിന്ന്.**
**തർജ്ജമഃ കെ.എം.രാജൻ)**

## ദയാനന്ദസന്ദേശം വരിസംഖ്യ പുതുക്കുക

ദയാനന്ദസന്ദേശത്തിന്റെ വരിസംഖ്യാ കാലാവധി സമാപിച്ചവർ എത്രയും വേഗം അത് പുതുക്കി ഈ വേദപ്രചാരണ യജ്ഞത്തിൽ തുടർന്നും സഹകരിക്കാൻ അഭ്യർത്ഥിക്കുന്നു. വാർഷികവരിസംഖ്യ 100 രൂപ. ദീർഘകാലം 1500/- രൂപ. വരിസംഖ്യ അയക്കേണ്ട **വിലാസം: വ്യവസ്ഥാപകൻ, ദയാനന്ദ സന്ദേശം, ആര്യസമാജം, വെള്ളിനേഴി പി. ഒ., പാലക്കാട് – 679 504**

*ഈശാ വാസ്യമിദം സർവ്വം യത്കിംഞ്ച ജഗത്യാം ജഗത് (യജുർവ്വേദം 40.1)*
*ഈ ജഗത് മുഴുവനും ഈശ്വരമയമാണ്*





## ആര്യസമാജ പ്രസിദ്ധീകരണങ്ങൾ

1. സത്യാർത്ഥപ്രകാശം (മലയാളം പരിഭാഷ)
   – മഹർഷി ദയാനന്ദസരസ്വതി. സമ്പാദകൻ: കെ.എം. രാജൻ – ₹ 250.00.
2. സന്ധ്യോപാസനയും അഗ്നിഹോത്രവും
   – മഹർഷി ദയാനന്ദസരസ്വതി. സമാഹരണം: കെ.എം. രാജൻ – ₹ 60.00
3. വൈദിക ധർമ്മ ആര്യസമാജപ്രശ്നോത്തരി
   പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി.
   തർജ്ജമ : കെ.എം.രാജൻ – ₹ 40.00
4. ആര്യസമാജം എന്ത്? എന്തിന്? – ലത രാജൻ – ₹ 10.00
5. സത്യാർത്ഥ പ്രകാശം നൽകുന്ന സന്ദേശം – കെ.എം.രാജൻ – ₹ 10.00
6. വൈദിക നിത്യകർമ്മവിധി – കെ.എം.രാജൻ – ₹ 20.00
   (പോസ്റ്റേജ് ചിലവ് പുറമെ)

## അച്ചടിയിലുള്ളവ

1. വേദാന്തി ധ്വാന്ത് നിവാരണം – മഹർഷിദയാനന്ദ സരസ്വതി, തർജ്ജമ : കെ.എം.രാജൻ
2. ഉപദേശി മഞ്ജരി അഥവാ പൂനാ പ്രവചനം – മഹർഷി ദയാനന്ദ സരസ്വതി, തർജ്ജമ. കെ.എം.രാജൻ
3. ആര്യോദ്ദേശ്യ രത്നമാല – മഹർഷി ദയാനന്ദ സരസ്വതി, തർജ്ജമ. കെ.എം.രാജൻ
4. സംശയനിവാരിണി – ശ്രീ.മദൻ രഹേജ, തർജ്ജമ : സുരി
5. ദ്രൗപദിയും പഞ്ചപതികളും – അമർസ്വാമി സരസ്വതി, തർജ്ജമ : കെ.എം.രാജൻ
6. യോഗദർശനം (മഹർഷി വ്യാസഭാഷ്യസഹിതം) – സ്വാമി സത്യപതി പരിവ്രാജക്, തർജ്ജമ. കെ.എം.രാജൻ
7. വേദങ്ങളെ അറിയുക – ഡോ.വിവേക് ആര്യ, തർജ്ജമ: കെ.എം.രാജൻ
8. വേദ പ്രകാശം പാഠാവലി – കെ.എം.രാജൻ
9. മഹർഷി ദയാനന്ദ സരസ്വതി (ജീവചരിത്രം) – കെ.എം.രാജൻ
10. അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം – കെ.എം.രാജൻ
11. ശത്രുവോ? മിത്രമോ? – കെ.എം.രാജൻ
12. പുരാണങ്ങൾ സത്യവും മിഥ്യയും – കെ.എം.രാജൻ
13. ശിവസങ്കല്പം – കെ.എം.രാജൻ

*ഛിദ്രം വൃണ (യജുർവ്വേദം 12.54)*
*തങ്ങളുടെ കുറവുകളെ ഇല്ലായ്മ ചെയ്താലും*

കടന്നുകയറിയതോടെ പതനത്തിന് ഇത് ശക്തി പകർന്നു.

## സാകാരശിവൻ – ഹിമാലയ ശിവൻ

ഇന്ന് നാം പൂജിച്ചുവരുന്ന ശിവൻ ഹിമാലയപർവ്വതമോ, ഹിമാലയനിവാസിയായ ശിവനോ ഇതും രണ്ടും ചേർന്നതോ ആണെന്ന് വർണ്ണനകളിൽ നിന്ന് ഗ്രഹിക്കാവുന്നതാണ്. മധ്യകാലീനകവികൾ, എഴുത്തുകാർ എന്നിവർ ഇത്തരത്തിലുള്ള അതിശയോക്തി കലർന്ന കഥകൾ തങ്ങളുടെ കാവ്യങ്ങളിലും രചനകളിലും നടത്തിയിട്ടുണ്ട് എന്നു കാണാം. കവിതകളിൽ വർണ്ണിക്കുന്ന പലതും എല്ലാവർക്കും പൂർണ്ണമായി മനസ്സിലാകണമെന്നില്ല. എന്നാൽ സംസ്കൃതഭാഷയിലാണെങ്കിൽ ഏവർക്കുമത് ബ്രഹ്മവാക്യം പോലെയാകും. അത് സത്യമാണെന്ന് ജനം വിശ്വസിക്കും. യഥാർത്ഥത്തിൽ ഇന്ന് പ്രചാരത്തിലുള്ള പല സംസ്കൃതസാഹിത്യങ്ങളിലുമുള്ള ഇത്തരം വർണ്ണനകളാൽ സാധാരണ ജനങ്ങൾ ആശയക്കുഴപ്പത്തിലാണ്. ശിവനാരെന്ന് മനസ്സിലാക്കാൻ ശേഷിയില്ലാത്തവരുമാണ്.

ശിവന് ഒരു മനുഷ്യാകൃതി നൽകുകയാണെങ്കിൽ അദ്ദേഹത്തിന്റെ രൂപമെങ്ങനെയായിരിക്കുമെന്ന് നോക്കാം. ജടകൾക്കിടയിൽ ചന്ദ്രക്കല, ഗംഗയുടെ ആവിർഭാവം എന്നിവയും നെറ്റിയിൽ ഭസ്മക്കുറി (ത്രിപുണ്ഡ്രകം), മൂന്നാം തൃക്കണ്ണ്, കഴുത്തിലെ സർപ്പമാല, കയ്യിൽ ത്രിശൂലം, മൃഗത്തോൽകൊണ്ടുള്ള വസ്ത്രം എന്നിങ്ങനെയായിരിക്കും ആ രൂപം. ഇതിൽ മൂന്നു വിശേഷകതകൾ ഒഴിച്ചുനിർത്തിയാൽ അതായത് ചന്ദ്രക്കല, ജടയിൽനിന്ന് ഗംഗയുടെ ഉത്ഭവം, ത്രിനേത്രം എന്നിവ മാറ്റി നിർത്തിയാൽ മറ്റുള്ളവ ആർക്കും അനുകരിക്കാവുന്നതാണ്. എന്നാൽ ഈ മൂന്ന് സവിസേഷതകൾ മറ്റു മാനവരിൽനിന്നും ശിവനെ വ്യത്യസ്തനാക്കുന്നു.

ഇവ മൂന്നും ഹിമാലയവുമായി ബന്ധപ്പെട്ടതാണ്. അതായത് ശിവന്റെ യഥാർത്ഥരൂപം ഹിമാലയമാണ്. അതെങ്ങനെയാണെന്നു നോക്കാം. ഹിമാലയ സാനുക്കളെ നേരിൽ കണ്ടവർക്കിത് പെട്ടെന്ന് മനസ്സിലാക്കാനാവും. ഹിമാലയ പർവ്വതത്തിന്റെ ഉന്നത ശിഖരങ്ങളോട് തൊട്ടുരുമ്മിനിൽക്കുന്ന അർധചന്ദ്രൻ സാധാരണകാഴ്ചയാണ്. ചന്ദ്രക്കലാരൂപത്തിൽ അത് ഹിമവാന്റെ ശിരസ്സിൽ ഇരിക്കുന്നതായി കാണാം. ജടക്കുള്ളിൽ ചന്ദ്രൻ എന്ന വിശേഷരൂപമാണിത്.

ഗംഗയുടെ ഉത്ഭവമാണ് രണ്ടാമത്തെ സവിശേഷത. ഗംഗാനദി ഹിമാലയത്തിൽ നിന്നാണുത്ഭവിക്കുന്നതെന്ന് ഏവർക്കുമറിയാം. ശിവന്റെ ജടാവൽക്കലമെന്നു പറയുന്നത് ഹിമാലയത്തിലെ പർവ്വതസാനുക്കളാണ്. ഇവിടെ ശിവന്റെ മസ്തകത്തിൽ നിന്നും ഗംഗ പിറവിയെടുക്കുന്നു. മൂന്നാം തൃക്കണ്ണാണ് ശിവന്റെ മറ്റൊരു സവിശേഷത. എന്നാൽ ശിവൻ നൃത്തം ചെയ്യുമ്പോഴാണിത് തുറക്കുന്നത്. ശിവതാണ്ഡവത്തിൽ പ്രകൃതി ആടിയുലയുമ്പോൾ സർവ്വത്രവിനാശം ആരംഭിക്കുന്നു. താണ്ഡവനൃത്തം വിനാശസൂചകമാണ്. ഹിമാലയ സമുച്ചയം ആടിയുലയുമ്പോൾ അഗ്നിപർവ്വതരൂപത്തിൽ അഗ്നിവർഷം ഉണ്ടാവും. ഇത് പ്രളയകാലത്തെ സ്ഥിതിയാണ്. അതെത്ര വിനാശകരമാവുമെന്ന് സങ്കൽപ്പിക്കാനാവില്ല.

**(തുടരും)**

**പത്രാധിപർ**





***(മുൻ ലക്കത്തിന്റെ തുടർച്ച)***

# വേദങ്ങളെ അറിയുക

**ഡോ. വിവേക് ആര്യ**
**തർജ്ജമ: കെ.എം. രാജൻ**

## അദ്ധ്യായം 2 — വേദവും ശുദ്രനും

**ദു**ഷ്ടകർമ്മങ്ങൾ ചെയ്യുന്ന ബ്രാഹ്മണൻ അഹങ്കാരിയും പാപിയും അജ്ഞാനിയുമാണ്. അയാളെ ശൂദ്രനെന്നറിയുക. ഏതൊരു ശൂദ്രനാണോ സത്യത്തിനും ധർമ്മത്തിനും വേണ്ടി നിലകൊള്ളുന്നത് അയാൾ ബ്രാഹ്മണനാണെന്നുമറിയുക. (മഹാഭാരതം വനപർവ്വം 216/14)

ശൂദ്രൻ ജ്ഞാന സമ്പന്നനാണെങ്കിൽ ബ്രാഹ്മണനേക്കാൾ ശ്രേഷ്ഠനും ആചാരഭ്രഷ്ടനായ ബ്രാഹ്മണൻ ശൂദ്രനിലും താഴ്ന്നവനുമാണ് (ഭവിഷ്യപുരാണം അദ്ധ്യായം 44/33)

പഠനപാഠനവിഷയത്തിൽ ശൂദ്രരെക്കുറിച്ച് പറയുന്നതിങ്ങനെയാണ്. ദുഷ്ടകർമ്മം ചെയ്യാത്തവനെ ഉപനയിക്കണം (വിദ്യാഗ്രഹണം ചെയ്യണം) എന്ന് (ഗൃഹ്യസൂത്രം രണ്ടാം കാണ്ഡം, ഹരിഹരഭാഷ്യം) കൂർമ്മപുരാണം അദ്ധ്യായം 19 ൽ ശൂദ്രനെ വേദപണ്ഡിതനായി വർണ്ണിക്കുന്നു.

**ചോദ്യം: വർണ്ണവ്യവസ്ഥയേക്കുറിച്ചും 'ശൂദ്ര' ശബ്ദത്തേക്കുറിച്ചും സ്വാമി ദയാനന്ദന്റെ കാഴ്ചപ്പാട് എന്തായിരുന്നു?**

**ഉത്തരം:** സ്വാമി ദയാനന്ദന്റെ വീക്ഷണത്തിൽ ഒരാൾക്ക് വിദ്യാഭ്യാസത്തിനുവേണ്ടുന്ന സാമർത്ഥ്യമില്ലെങ്കിലും ധർമ്മാചരണം ചെയ്യാനാഗ്രഹിക്കുകയും പണ്ഡിതന്മാരുടെ സാമീപ്യത്താലും തന്റെ ആത്മാവിന്റെ പവിത്രതയാലും ധർമ്മാത്മാവായി തീരാം. എല്ലാ മനുഷ്യർക്കും പണ്ഡിതരാവാൻ കഴിയില്ല. എന്നാൽ എല്ലാവർക്കും ധാർമ്മികനാവാൻ കഴിയും. സ്വാമിജി ആര്യന്മാരുടെ നാലുവർണ്ണങ്ങളേയും മാനിച്ചിരുന്നു.അതിനാൽ ശൂദ്രനും ആര്യനാണ്.

**ചോദ്യം: മാതാപിതാക്കൾ വ്യത്യസ്തവർണ്ണങ്ങളിൽ പെട്ടവരാണെങ്കിൽ അവരുടെ സന്താനങ്ങൾക്ക് ബ്രാഹ്മണരാവാൻ കഴിയുമോ?**

**ഉത്തരം:** വളരെയധികം പേരിങ്ങിനെയായിട്ടുണ്ട്. ആകുന്നുമുണ്ട്. ഭാവിയിൽ ആയിത്തീരുകയും ചെയ്യും. ഛാന്ദോഗ്യ ഉപനിഷത്ത് 4.4 ൽ ജാബാല ഋഷി അജ്ഞാതകുലത്തിൽ നിന്നും, മഹാഭാരതത്തിലെ വിശ്വാമിത്രൻ ക്ഷത്രിയ വർണ്ണത്തിൽ നിന്നും, മാതംഗൻ ചണ്ഡാല കുലത്തിൽനിന്നും ബ്രാഹ്മണരായി തീർന്നിട്ടുണ്ട്. ഇപ്പോഴും ഉത്തമവിദ്യ, നല്ല സ്വഭാവമുള്ളവർ എന്നിവരാണ് ബ്രാഹ്മണർ ആവാൻ യോഗ്യർ വിഡ്ഢികൾ ശൂദ്രരാകാൻ യോഗ്യരുമാണ്. മനുസ്മൃതി 2.28 പ്രകാരം ബ്രാഹ്മണന്റെ ശരീരം രജവീര്യത്താൽ ഉണ്ടാവുന്നതല്ല.

**(തുടരും)**

***ധർമ്മം ചര (തൈ. ഉ. 1.11.1)***
***ധർമ്മാചരണം ചെയ്യൂ !***

(മുൻ ലക്കത്തിന്റെ തുടർച്ച)

ആര്യവീർദളം – ബാലപംക്തി

ആര്യവീരഗാഥ – 2

# അമരബലിദാനി പണ്ഡിറ്റ്ലേഖ്റാം

കെ.എം.രാജൻ



**തു**ടർന്നദ്ദേഹം അമൃത്സറിലേക്ക് പോയി. മുറാദാബാദിലെ ശ്രീറാം സാരസ്വത് എന്ന ബ്രാഹ്മണൻ ക്രിസ്ത്യാനിയായി തീർന്നുവെന്നുള്ള ഒരു കമ്പിസന്ദേശമദ്ദേഹത്തിനു ലഭിച്ചു. ഉടൻ തന്നെ ലേഖ്റാമവിടെയെത്തിച്ചേർന്നു. അവിടെ ആര്യസമാജമന്ദിരത്തിൽ അഞ്ഞൂറോളം പേരുടെ സാന്നിദ്ധ്യത്തിൽ ശ്രീറാം സാരസ്വതിനെ ശുദ്ധി സംസ്കാരം നടത്തി വൈദിക ധർമ്മത്തിലേക്ക് തിരിച്ചുകൊണ്ടുവന്നു. അജ്മേർ ആര്യസമാജത്തിന്റെ വാർഷികോത്സവം അടുത്ത ദിവസം നടക്കുന്നുണ്ടായിരുന്നു. ലേഖ്റാം അവിടെയെത്തി. പണ്ഡിറ്റ് ലേഖ്റാമിന്റെ നേതൃത്വത്തിലുള്ള ശോഭായാത്രയിലുടനീളം വൻ ജനാവലിയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ കേട്ട് മുസ്ലീങ്ങൾ ഇളകിവശായി. അജ്മേരിലെ ഖാജാ ചിസ്തി ദർഗ്ഗക്കടുത്തെത്തിയപ്പോൾ പലരിലും അങ്കലാപ്പുണ്ടായി. എന്താണ് ഈ അങ്കലാപ്പിന് കാരണമെന്ന് ലേഖ്റാമിനറിയാമായിരുന്നു. ദർഗ്ഗക്ക് മുപ്പതടിയോളം അകലത്തിൽ ഒരുയർന്ന പാലത്തിൽ കയറിനിന്ന് ലേഖ്റാം മൃതദേഹം അടക്കം ചെയ്ത് ആരാധിക്കുന്നതിനെതിരെ നിർഭയമായി പ്രഭാഷണം തുടർന്നു. മുസ്ലീങ്ങൾ എല്ലാമിത് നോക്കിനിൽക്കുകയായിരുന്നു. ധർമ്മവീർ ലേഖ്റാമിന്റെ വീരതാപൂർവ്വമായ ഈ പ്രഭാഷണം കണ്ട് ആര്യസമാജികരിലെ സാഹസിക ധൈര്യം വളരെയധികം വർദ്ധിച്ചു.

തുടർന്നദ്ദേഹം ആഗസ്റ്റ് 23ന് സിംലയിലെ ആര്യസമാജത്തിന്റെ വാർഷികോത്സവത്തിൽ പങ്കെടുത്തു. സിംലയിൽ പണ്ഡിറ്റ് ലേഖ്റാമിന്റെ മൂന്നു പ്രഭാഷണങ്ങൾ നടന്നു. അതിലെ അവസാനത്തെ പ്രഭാഷണം ടൗൺ ഹാളിൽ വെച്ചായിരുന്നു. ആര്യസമാജ നിയമങ്ങളെ അധികരിച്ചുള്ളതായിരുന്നു അത്. ഈ പ്രഭാഷണത്തിൽ ആകൃഷ്ടരായി നിരവധി പുതിയ ആളുകൾ ആര്യസമാജത്തിന്റെ സഭാസദരും (അംഗങ്ങൾ) അനുഭാവികളുമായിതീർന്നു.

സിംലയിൽനിന്നുള്ള മടക്കം മഴ നനഞ്ഞായിരുന്നു. അംബാലയിലും മേഘങ്ങൾ വിട്ടുനിന്നില്ല. അവിടെ വന്ന് തുണികളുണക്കാനും മറ്റുമായി വിശ്രമിക്കുന്ന സമയത്ത് ഒരു പ്രഭാഷണവും നടത്തി. അതിനിടെ സ്വാമി ശ്രദ്ധാനന്ദന്റെ ഒരു കമ്പി സന്ദേശം കിട്ടിയതിനനുസരിച്ച് അദ്ദേഹം ജലന്ധറിലേക്ക് പോയി. ട്രെയിനിൽനിന്നുമിറങ്ങി ലേഖ്റാം നേരേ സ്വാമി ശ്രദ്ധാനന്ദന്റെ അടുത്തെത്തി.

(തുടരും)

*സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)*
*ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !*






# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

വൈദിക-ദാർശനിക മാസിക

പുസ്തകം : 6 ലക്കം 12

സൃഷ്ടി സംവത്സരം 1972949120 കലിവർഷം 5120 ജ്യേഷ്ഠം – ആഷാഢം
1193 എടവം – മിഥുനം 2018 ജൂൺ



**രക്ഷാധികാരി**
സ്വാമി ആശുതോഷ്ജി പരിവ്രാജക്
**പത്രാധിപർ**
കെ.എം. രാജൻ
**ഉപദേശക സമിതി**
ആചാര്യ വാമദേവ് ആര്യ
ടി. ആർ. ബാലചന്ദ്രൻ നായർ
വാനപ്രസ്ഥി ശ്രീധര മുനി
വി. ഗോവിന്ദ ദാസ്
**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**


| | | |
|---|---|---|
| വേദാധ്യയനം | : | |
| മുഖവാണി | : | 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക | : | 5 |
| ഉപദേശമഞ്ജരി | : | 6 |
| പുരാണങ്ങൾ:സത്യവും മിഥ്യയും | : | |
| ദ്രൗപദിയും പഞ്ചപതികളും | : | 8 |
| ജീവിതം ഒരലയാഴി | : | 9 |
| യോഗദർശനം | : | 10 |
| സംശയനിവാരിണി | : | 11 |
| വ്യവഹാര ഭാനുഃ | : | 12 |
| വേദങ്ങളെ അറിയുക | : | 13 |
| അമരബലിദാനി പണ്ഡിറ്റ്ലേഖ്റാം | : | 14 |



**വിലാസം**
ദയാനന്ദ സന്ദേശം, ആര്യസമാജം,
പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,
വെള്ളിനേഴി തപാൽ, പാലക്കാട് – 679 504
Ph:9562529095, 9446017440
Email:dayanandasandesam@gmail. com
Visit us : www.thearyasmaj.org/kerala


## മുഖവാണി
# ശിവസങ്കൽപ്പം

(തുടർച്ച)



**ഇ**തിനുപുറമെ പുരാണങ്ങളിൽ ശിവ-പാർവ്വതിമാരുടെ കാമസംബന്ധമായ ചർച്ചകൾ വളരെയധികമുണ്ട്. അശ്ലീലതയുടെ എല്ലാ സീമകളേയും ലംഘിക്കുന്നവയാണവ. അതിവിടെ വിവരിക്കുന്നത് ശരിയാവില്ല. പുരാണങ്ങൾ പഠിക്കുന്നവർക്ക് അത് വ്യക്തമാവുമെങ്കിലും പക്ഷെ അതിലുള്ള അശ്ലീലങ്ങൾക്ക് ആധ്യാത്മിക വ്യാഖ്യാനം നൽകി പ്രദർശിപ്പിക്കാനാണ് പലരും ശ്രമിക്കുന്നത്. എന്നാൽ സത്യത്തെ ഒരിക്കലും മറച്ചുവെക്കാനാവില്ല. ഇന്ന് ശങ്കരപൂജ ലിംഗ പൂജയായി തീർന്നിരിക്കുന്നു. അത് അസഭ്യതയുടെ പ്രതീകമാണ്. വാമമാർഗ്ഗികളുടെ ആവിർഭാവമുണ്ടായപ്പോഴാണ് ലിംഗപൂജക്ക് ഏറ്റവും പ്രചാരം നിദ്ധിച്ചത്. ഭാരതത്തിന്റെ ആധ്യാത്മികതക്ക് ഇത് അധഃപതനകാരണമായി. കൂടാതെ നൂറ്റാണ്ടുകളോളം നടന്ന വിദേശാക്രമണങ്ങളും ഇതിന് ആക്കംകൂട്ടി. വൈദേശീയരുടെ മിഥ്യാവിശ്വാസങ്ങളും ഭാരതീയ ജനമാനസങ്ങളിൽ

*അഗ്നിനാഗ്നിഃ സമിദ്ധ്യതെ (സാമം 944)*
*ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു*

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം




**ഇ**ത്തരം വ്യവസ്ഥകൾ വന്നതിനാൽ നമ്മുടെ ദേശത്തിന്റെ പേര് 'ആര്യസ്ഥാൻ' അഥവാ ആര്യഖണ്ഡമെന്നാവണം. അവയേയെല്ലാം ഉപേക്ഷിച്ച് 'ഹിന്ദുസ്ഥാൻ' എന്ന നാമം എവിടെനിന്നുവന്നു. അല്ലയോ ശ്രോതാക്കളെ! 'ഹിന്ദു' ശബ്ദത്തിന്റെ അർത്ഥം കറുത്തവൻ, കാഫിർ, കള്ളൻ തുടങ്ങിയവരുടെ ദേശം എന്നിങ്ങനെ വരുന്നു. അല്ലയോ സഹോദരൻമാരെ നിങ്ങളെന്തിനാണ് അത്തരം മോശം പേരുകൾ സ്വീകരിക്കുന്നത്? ആര്യൻ എന്നാൽ ശ്രേഷ്ഠൻ അഥവാ അറിവുള്ളവൻ എന്നിങ്ങനേയും ആര്യാവർത്തം അത്തരക്കാരുടെ ദേശമെന്നുമാണർത്ഥം. (സഹോദരന്മാരേ!) ഇത്തരം ശ്രേഷ്ഠനാമത്തെ നിങ്ങൾ എന്തുകൊണ്ട് സ്വീകരിക്കുന്നില്ല. നിങ്ങൾ നിങ്ങളുടെ യഥാർത്ഥപേരുപോലും മറന്നുപോയോ? ഹാ കഷ്ടം! നമ്മുടെ ഈസ്ഥിതി കണ്ട് ആരുടെ ഹൃദയമാണ് ക്ലേശിക്കാതിരിക്കുക? അല്ലയോ സജ്ജനങ്ങളെ! ഇന്നുമുതൽ ഹിന്ദു എന്ന പേര് ത്യജിച്ച് ആര്യൻ, ആര്യാവർത്തം എന്നീ പേരുകളിൽ അഭിമാനിക്കൂ. നമ്മുടെ ഗുണങ്ങൾ നമുക്ക് നഷ്ടപ്പെട്ടിരിക്കാം. എന്നിരുന്നാലും പേര് നഷ്ടപ്പെട്ടുപോവരുതെ. ഇതാണ് നിങ്ങളോടുള്ള എന്റെ പ്രാർത്ഥന

ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

## ഒമ്പതാം പ്രഭാഷണം
## ഇതിഹാസ വിഷയം

(1875 ജൂലൈ 25 ന് ഞായറാഴ്ച രാത്രി 8 മണിക്ക് മുൻ വിജ്ഞാപനമനുസരിച്ച് സ്വാമി ദയാനന്ദസരസ്വതി ബുധവാർ പേട്ടിൽ നടത്തിയ പ്രഭാഷണത്തിന്റെ സാരാംശം)

'ഇക്ഷ്വാകു' ഈ ആര്യാവർത്തത്തിലെ ആദ്യത്തെ രാജാവായിരുന്നു. ബ്രഹ്മാവിന്റെ ആറാം തലമുറയിൽപെട്ടവനായിരുന്നു അദ്ദേഹം. തലമുറ എന്നതുകൊണ്ട് പിതാവ് - പുത്രൻ എന്നർത്ഥത്തിലെടുക്കരുത്. ഒരു അധികാരിയിൽനിന്ന് അടുത്ത അധികാരിയിലേക്ക് എന്നർത്ഥമെടുക്കണം. സ്വായംഭുവമനുവാണ് ഒന്നാമത്തെ അധികാരി. ഇക്ഷ്വാകുവിന്റെ സമയമായപ്പോഴേക്കും എഴുത്തുകലയും മഷിയുടെ ഉപയോഗവും കണ്ടെത്തിയിരുന്നു എന്നുകാണാം. എന്തെന്നാൽ ആ കാലമായപ്പോഴേക്കും വേദങ്ങൾ കേട്ടു പഠിച്ചു വരുന്ന രീതിക്ക് കുറവ് വന്നു തുടങ്ങിയിരുന്നു എന്ന് കാണാം. വേദങ്ങൾ എഴുതിയിരുന്ന ലിപിക്ക് ദേവനാഗരി എന്നാണ് പേര്. ദേവൻ എന്നാൽ വിദ്വാൻ. അവരുടെ നഗരം ദേവനാഗരി. അവരാണ് അക്ഷരങ്ങളാൽ അർത്ഥസങ്കേതം ഉണ്ടാക്കി ഗ്രന്ഥങ്ങൾ എഴുതുന്ന പ്രചാരം ആരംഭിച്ചത്.

**(തുടരും)**

*മാ സ്രേധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ*





*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ? = സംശയ നിവാരിണി
## സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

**മദൻ രഹേജ**
തർജ്ജമ: സുരി




**ചോദ്യം 72 :** മോക്ഷാവസ്ഥയിൽ ആത്മാവ് പരമാത്മാവിനേപോലെ തന്നെയായിത്തീരുമോ? പരമാത്മാവിന്റെ ഗുണങ്ങളെ പ്രാപിക്കുമോ? എങ്ങനെയാണ് ആനന്ദത്തെ അനുഭവിക്കുന്നത്?

**ഉത്തരം :** മോക്ഷാവസ്ഥയിൽ ആത്മാവ് സ്വന്തം സ്വരൂപത്തിൽതന്നെയാണ് സ്ഥിതി ചെയ്യുന്നത്. അവക്ക് സ്വന്തമായി ഏതൊക്കെ ശക്തികളുണ്ടോ അവയെകൊണ്ട് ഭോഗങ്ങൾ അനുഭവിക്കുകയും ബ്രഹ്മാണ്ഡത്തിൽ സ്വേച്ഛയാൽ ഭ്രമണം ചെയ്യുകയും ചെയ്യുന്നു. വേദാന്തദർശനത്തിന്റെ അന്തിമ സൂക്തം ഇപ്രകാരമാണ്. ഭോഗമാത്ര സാമ്യലിംഗാഝ (വോദാന്തം 4.4.21). അതായത് ഈശ്വരന്റെ ആനന്ദത്തെമാത്രമാണ് ജീവന് പ്രാപ്തമാകുന്നത്. ഈശ്വരന്റെ സർവ്വശക്തിത്വം, സൃഷ്ടിത്വം എന്നീ ഗുണങ്ങളൊന്നും ലഭിക്കുന്നില്ല.

ആത്മാവിന് 24 പ്രകാരത്തിലുള്ള ശക്തികളുണ്ട്. മുഖ്യപ്രകാരത്തിലുള്ള ശക്തി ഒന്നേയുള്ളു. എന്നാൽ ബലം, പരാക്രമം, ആകർഷണം, പ്രേരണ, ഗതി, ഭീഷണം, വിവേചനം, ക്രിയ, ഉത്സാഹം, സ്മരണം, നിശ്ചയം, ഇച്ഛ, പ്രേമം, ദ്വേഷം, സംയോഗം, വിഭാഗം, സംയോജകം, വിഭാജകം, ശ്രവണം, സ്പർശനം, ദർശനം, സ്വാദനം, ഗന്ധഗ്രഹണം, ജ്ഞാനം എന്നിങ്ങനെ 24 വിധത്തിലുള്ള സാമർത്ഥ്യത്തോടുകൂടിയതാണ് ജീവൻ. ആ സാമർത്ഥ്യം കൊണ്ടു മുക്തിയിൽ ആനന്ദത്തെ പ്രാപിക്കുകയും അനുഭവിക്കുകയും ചെയ്യുന്നു. (സത്യാർത്ഥ പ്രകാരം ഒമ്പതാം സമുല്ലാസം)

മോക്ഷാവസ്ഥയിൽ ആത്മാവും പരമാത്മാവും ഒന്നായിട്ടല്ല വേറെ വേറെ തന്നെയാണ് സ്ഥിതിചെയ്യുന്നത്. ആത്മാവിന്റെ സ്വാഭാവിക ഗുണങ്ങൾ പരമാത്മാവിനോടുകൂടിയും സ്ഥിതിചെയ്യുന്നു. കേവലം ആനന്ദത്തിന്റെ അനുഭവം മാത്രമാണ് മുക്താത്മാവ് ചെയ്യുന്നത്.

"സോ$f$ശ്നുതെ സർവ്വാൻ കാമാൻ സഹ ബ്രഹ്മണാ വിപശ്ചിതഃ"

അതായത് മുക്താത്മാവിന് ഭോഗത്തിൽ മാത്രമാണ് ബ്രഹ്മവുമായി സമാനത എന്ന് മനസ്സിലാക്കണം. എന്നാൽ സ്വരൂപവും സാമർത്ഥ്യവും വ്യത്യസ്തം തന്നെയായിരിക്കും. മുക്താത്മാവ് ബ്രഹ്മലോകത്തെ ദിവ്യഭോഗങ്ങളെ ഉപഭോഗം ചെയ്യാൻ സമർത്ഥമാണ്. സങ്കൽപ്പമാത്രയിൽതന്നെ ഐശ്വര്യത്തെ സിദ്ധിക്കുന്നു. സ്വേച്ഛപ്രകാരം എല്ലായിടത്തും സഞ്ചരിക്കുകയും എല്ലാ ഭോഗങ്ങളേയും സ്വേച്ഛപ്രകാരം അനുഭവിക്കുകയും ചെയ്യുന്നു.

**(തുടരും)**

*ന വിത്തേന തർപ്പണീയോ മനുഷ്യ (കഠം 1.27)*
*മനുഷ്യൻ ഒരിക്കലും ധനത്താൽ തൃപ്തനാവില്ല*



(മുൻ ലക്കത്തിന്റെ തുടർച്ച)

# വ്യവഹാര ഭാനുഃ

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

**മ**നസാക്ഷി മുതലായവയാൽ പരീക്ഷിക്കുക എന്നതിന് തനിക്ക് യോജിച്ചത് എന്താണെന്ന് സ്വയമറിയുന്നതുപോലെ അന്യർക്കും അവ അനുയോജ്യമാണെന്നറിയുകയും പ്രതികൂലമായത് മറ്റുള്ളവർക്കും പ്രതികൂലമാവും എന്നറിയുന്നതാണ് മനസ്സാക്ഷിയാൽ പരീക്ഷിക്കുന്നത്. ആത്മാവിന് ഏങ്ങനെയാണോ അതേപോലെ മനസ്സിനും മനസ്സിൽ എപ്രകാരമാണോ അപ്രകാരം പ്രവൃത്തിയിലും ഉണ്ടാകണമെന്നാഗ്രഹിക്കുക. ശുദ്ധഭാവവും വിദ്യയാകുന്ന നേത്രത്തിലൂടെയും കണ്ടറിഞ്ഞ് സത്യാസത്യനിർണ്ണയം നടത്തുന്നത് ഇതിൽപ്പെടുന്നു. ഈ അഞ്ചു പരീക്ഷകളാൽ പഠിക്കുന്നവരും പഠിപ്പിക്കുന്നവരും എല്ലാ മനുഷ്യരും സത്യാസത്യങ്ങളെ നിർണ്ണയിക്കുകയും ധർമ്മത്തെ ഗ്രഹിക്കുകയും അധർമ്മത്തെ പരിത്യജിക്കുകയും ത്യജിപ്പിക്കുകയും വേണം.

**ചോദ്യം: ധർമ്മം, അധർമ്മം ഇവ എന്താണ്?**

**ഉത്തരം** : പക്ഷപാത രഹിതമായി ന്യായം, സത്യഗ്രഹണം, അസത്യത്തിന്റെ പരിത്യാഗം, അഞ്ചു പരീക്ഷണങ്ങൾക്കും അനുകൂലമായ ആചരണം, ഈശ്വരാജ്ഞയുടെ പാലനം, പരോപകാരം ചെയ്യുക എന്നിവയെല്ലാം ധർമ്മവും ഇവക്കുവിപരീതമായത് അധർമ്മവുമാണ്. ഏവർക്കും അവിരുദ്ധമായതിനെ ധർമ്മമെന്നും പരസ്പരവിരുദ്ധമായതിനെ അധർമ്മമെന്നും എന്തുകൊണ്ട് പറഞ്ഞുകൂടാ? നോക്കൂ! ഒരാൾ മറ്റൊരാളോട് സത്യമെന്താണെന്ന് ചോദിച്ചു. താൻ വിശ്വസിക്കുന്നതാണ് സത്യമെന്നയാൾ ഉത്തരം പറഞ്ഞു. വീണ്ടും ചോദ്യം "ഞാനും മറ്റൊരാളും വിശ്വസിക്കുന്നതെന്ത്?" "അധർമ്മം" എന്നായിരുന്നു ഉത്തരം. മൂന്നാമതൊരാൾ മറ്റുരണ്ടുപേരോടും ചോദിച്ചു. "സത്യം പറയുന്നത് ധർമ്മമോ അധർമ്മമോ?" അപ്പോൾ രണ്ടുപേരും ഉത്തരം നൽകി ''സത്യം പറയുന്നത് ധർമ്മവും അസത്യം പറയുന്നത് അധർമ്മവും. ഇതു ശരിയാണെങ്കിലും മുമ്പു പറഞ്ഞ അഞ്ചു പരീക്ഷകളിലൂടെയുള്ള യുക്തിയാൽ സത്യാസത്യനിർണ്ണയം നടത്തുന്നതാണ് യോഗ്യമായത്.

**ചോദ്യം: സഭകളിൽ പോകുന്ന അവസരങ്ങളിൽ എങ്ങനെയാണ് പെരുമാറേണ്ടത്?**

**ഉത്തരം**: സഭകളിൽ ചെല്ലുമ്പോൾ സത്യത്തെ ജയിപ്പിക്കുകയും അസത്യത്തെ തോൽപ്പിക്കുകയും ചെയ്യുമെന്നുറപ്പിക്കണം. അഹങ്കാരം പാടില്ല. താൻ വലിയൊരാളാണെന്ന് കരുതരുത്. തന്റെ വാദങ്ങളെ ആരെങ്കിലും ഖണ്ഡിച്ചാൽ അവരോട് ദ്വേഷഭാവവും അപ്രസന്നതയും അരുത്. ആരുപറയുന്നതും വളരെ ശ്രദ്ധയോടെ കേൾക്കുകയും അവയിൽ അസത്യമുണ്ടെങ്കിൽ അതിനെമാത്രം ഖണ്ഡിക്കുകയും സത്യമായതിനെ പ്രസന്നതാപൂർവ്വം ഗ്രഹിക്കുകയും വേണം. വലിപ്പചെറുപ്പം നോക്കരുത്. വെറുതെ തർക്കിക്കുകയോ മിഥ്യയുടെ പക്ഷം പിടിക്കുകയോ സത്യത്തെ ഒരിക്കലും ത്യജിക്കുകയോ അരുത്.

(തുടരും)

*തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)*
*ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !*







(മുൻ ലക്കത്തിന്റെ തുടർച്ച)

# ഋഗ്വേദാദി ഭാഷ്യ ഭൂമിക

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

## അദ്ധ്യായം – 3 വേദനാംനിത്യത്വ വിചാരഃ

**അ**സ്യായമർത്ഥഃ – തത് വചനാത്തയോർധർമ്മേശ്വരയോർ വചനാദ്ധർമ്മസൈവ കർത്തവ്യതയാ പ്രതിപാദനാദീശ്വരേണൈവോത്തത്വാച്ചാമ്നായസ്യ വേദചതുഷ്ടയശ്ച പ്രാമാണ്യം സർവ്വനിത്യത്വേന സ്വീകാര്യമ്.|

**ഭാഷാർത്ഥം:** വൈശേഷികശാസ്ത്രത്തിൽ കണാദമുനിയും ഇങ്ങനെ പറയുന്നു. (തദ്വചനാ) വേദം ഈശ്വരോക്തമാണ്. ഇതിൽ സത്യവിദ്യയും പക്ഷപാതരഹിതമായ ധർമ്മത്തിന്റെയും പ്രതിപാദ്യമാണുള്ളത്. അതിനാൽ നാലുവേദങ്ങളും നിത്യമാണ്. അങ്ങനെതന്നെ എല്ലാവരും കണക്കാക്കുന്നതാണ് ഉചിതം. എന്തെന്നാൽ ഈശ്വരൻ നിത്യനാണ്. അതിനാലദ്ദേഹത്തിന്റെ വിദ്യയും നിത്യമാണ്.

തഥാസ്വകീയന്യായശാസ്ത്രേ ഗോതമമുനിരപ്യത്രാഹ – "മന്ത്രായുർവേദപ്രാമാണ്യവച്ചതത്പ്രാമാണ്യമാപ്തപ്രാമാണ്യമ് (ന്യായം 2-2-67) (ന്യായദർശനത്തിന്റെ വിഭിന്ന പതിപ്പുകളിൽ സൂത്രസംഖ്യയിൽ വ്യത്യാസം കാണുന്നുണ്ട്. നിർദ്ദിഷ്ട സൂത്രസംഖ്യയിൽ അത് കണ്ടില്ലെങ്കിൽ ഒന്നോ രണ്ടോ സൂത്രം മുന്നോട്ടോ പിറകോട്ടോ നോക്കണം).

**അസ്യായമർത്ഥഃ** – തേഷാം വേദാനാം നിത്യാനാമീശ്വരോത്താനാം പ്രാമാണ്യം സർവൈഃ സ്വീകാര്യമ്| കുതഃ? ആപ്തപ്രാമാണ്യാത്| ധർമ്മാതമഭിഃ കപടഛലാദി (ച്ഛലകപടാദി' ഇതി സുവചം) ദോഷരഹിതൈർദയാലുഭിഃ സത്യോപദേഷ്ടുഭിർ വിദ്യാപാരഗൈർ മഹായോഗിഭിഃ സർവ്വബ്രഹ്മാദിഭിരാപ്തൈർവേദാനാം പ്രാമാണ്യം സ്വീകൃതമതഃ| കിംവത്? മന്ത്രായുർവ്വേദപ്രാമാണ്യവത്| യഥാ സത്യപദാർത്ഥവിദ്യാപ്രകാശകാനാം മന്ത്രാണാം വിചാരാണാം സത്യത്വേന പ്രാമാണ്യം ഭവതി, യഥാചായുർവേദോക്തസ്യൈകദേശോക്തൗഷധസേവനേന രോഗനിവൃത്യാ തദ്ഭിന്നസ്യാപി ഭാഗസ്യ താദൃശസ്യ പ്രാമാണ്യം ഭവതി, തഥാ വേദോക്താർത്ഥസ്യൈകദേശ പ്രത്യക്ഷേണേതരസ്യാദൃഷ്ടാർത്ഥവിഷയസ്യ വേദഭാഗസ്യാപി പ്രാമാണ്യമംഗീകാര്യം|

ഏതൽസൂത്രസ്യോപരി ഭാഷ്യകാരേണ വാത്സ്യായന മുനിനാപ്യേവം പ്രതിപാദിതം–

ദ്രഷ്ടപ്രവക്തൃസാമാന്യാച്ചാനുമാനമ്| യ ഏവാപ്തോ വേദാർത്ഥാനാം ദ്രഷ്ടാരഃ പ്രവക്താരശ്ച ത ഏവായുർവ്വേദ പ്രഭൃതീനാമ്| ഇത്യായുർവ്വേദ പ്രാമാണ്യവദ് വേദപ്രാമാണ്യമനുമാതവ്യമിതി| നിത്യത്വാദ് വേദവാക്യാനാം പ്രമാണത്വേതത് പ്രാമാണ്യമാപ്തപ്രാമാണ്യാദിത്യുക്തം (വാൽസ്യായന ഭാഷ്യേ 'നിത്യയുക്തമ്' പാഠം ഉപലഭ്യതെ|)

(തുടരും)

*ഭദ്രാ രാതിഃ (സാമം 111)*
*പരമേശ്വരനാൽ നൽകപ്പെട്ട ദാനം ഞങ്ങൾക്ക് മംഗളകാരിയായി ഭവിക്കട്ടെ*

(മുൻ ലക്കത്തിന്റെ തുടർച്ച)



# യോഗദർശനം
## (മഹർഷി വ്യാസഭാഷ്യസഹിതം)

സ്വാമി സത്യപതി പരിവ്രാജക്
തർജ്ജമ : കെ.എം. രാജൻ

**അ**സംപ്രജ്ഞാതസമാധിക്ക് രണ്ടു ഭേദങ്ങളുണ്ട്. 1. ഭവപ്രത്യയം, 2. ഉപായപ്രത്യയം ഭവപ്രത്യയമെന്ന അസംപ്രജ്ഞാത സമാധിയുടെ വിഷയത്തിൽ നിരവധി തെറ്റിദ്ധാരണകൾ ജനങ്ങൾക്കിടയിലുണ്ട്. അവയുടെ നിരാകരണം 'ഭവപ്രത്യയോവിദേഹ പ്രകൃതിലയാനാമ്' എന്ന യോഗദർശന സൂത്രം 1.19 ൽ ഉണ്ട്. അവിടെ പ്രത്യേകിച്ച് നോക്കുക. ഈ സമാധിയിൽ സമസ്തക്ലേശങ്ങളും പൂർണ്ണരൂപേണ ദഗ്ധ ബീജഭാവാവസ്ഥയെ പ്രാപിക്കുന്നു. അതിനുശേഷം സാധകൻ ജീവൻമുക്താവസ്ഥയെ പ്രാപിച്ച് 'ചരമദേഹ' 'കുശല' എന്നിങ്ങനെ അറിയപ്പെടുന്നു.

**യോഗത്തിന്റെ ഫലം**

യോഗദർശനകാരൻ യോഗത്തിന്റെ വാസ്തവികസ്വരൂപത്തെക്കുറിച്ച് പറയുന്നതിങ്ങനെയാണ്. 'യോഗശ്ചിത്തവൃത്തിനിരോധഃ'. ചിത്തവൃത്തികളെ തടഞ്ഞുനിർത്തുന്നതാണ് യോഗം. യോഗത്തിന്റെ മറ്റു ഫലങ്ങൾ ഇപ്രകാരമാണ്.

1. ഒരാൾ സംപ്രജ്ഞാത യോഗാഭ്യാസം നിരന്തരം ചെയ്ത് പരിപക്വമായ സ്ഥിതിയെ പ്രാപിച്ചാൽ താൻ സമസ്ത ക്ലേശങ്ങളിൽ നിന്നും വിട്ടുനിൽക്കുന്നുവെന്നനുഭവിക്കുന്നു. ഈ ഭൗതികമായ ലോകം ദുഃഖങ്ങളാൽ നിറഞ്ഞതാണെന്നുമറിയുന്നു. വൈദിക വീക്ഷണത്തിൽ അതിപ്രകാരമാണ്. പർവ്വതശിഖരങ്ങളുടെ മുകളിൽ കയറി നിൽക്കുന്ന വ്യക്തി താഴെ ഭൂമിയിലുള്ളവരിൽ നിന്നും സ്വയം ഉയർന്നുനിൽക്കുന്നതായി അറിയുന്നതുപോലെ തന്റെ ജ്ഞാനത്തിന്റെ നിലവെച്ച് ലോകത്തിൽ നിന്നും ഉയർന്നതായി സ്വയം അറിയുന്നു. സ്വയം ക്ലേശങ്ങളിൽനിന്നും മുക്തനായികണ്ട് അയാളുടെ മനസ്സിൽ ഒരു തീവ്ര ഇച്ഛയുണ്ടാവുന്നു. തനിക്ക് ലോകത്തുള്ള സമസ്ത പ്രാണികളുടേയും ക്ലേശത്തേ ഇല്ലാതാക്കണമെന്ന്.
2. ഒരാൾ അസംപ്രജ്ഞാതയോഗാഭ്യാസം നടത്തി ഉന്നതനിലയിലെത്തിയാൽ ആ സ്ഥിതിയിൽ യോഗത്തിന്റെ ഫലമെന്താണെന്ന് യോഗദർശനകാരൻ പതഞ്ജലി പറയുന്നു. "തദാ ദ്രഷ്ടുഃ സ്വരൂപേ *f* വസ്ഥാനമ്", അതായത് യോഗി പരിപക്വാവസ്ഥയിലെത്തിക്കഴിഞ്ഞാൽ അയാൾക്ക് തന്റെ യഥാർത്ഥ സ്വരൂപത്തിന്റെ വിശേഷജ്ഞാനവും ഈശ്വരന്റെ വാസ്തവിക സ്വരൂപത്തിന്റെ പരിജ്ഞാനവുമുണ്ടാവുന്നു. ആ അവസ്ഥയിൽ അവിദ്യ, അധർമ്മം കുസംസ്കാരം എന്നീ സമസ്തദുഃഖങ്ങളുടെ പരിസമാപ്തി, വിദ്യ, ധർമ്മം, നല്ല സംസ്കാരം, നിത്യാനന്ദം എന്നിവയുടെ പ്രാപ്തിയുമുണ്ടാവുന്നു. ഈ സ്ഥിതിയെ പ്രാപിക്കുന്ന ജീവാത്മാവ് ഈശ്വരന്റെ ദൃഷ്ടിയിലെ മോക്ഷത്തിനുള്ള അധികാരിയായി തീരുന്നു. 36000 സൃഷ്ടി പ്രളയകാലം അതായത് (311040000000000) മുപ്പത്തൊന്നുലക്ഷത്തി പതിനായിരത്തിനാനൂറ് കോടി വർഷം) ഇത്രയും കാലം ജീവാത്മാവ് ജനന-മരണാദികളിൽ നിന്നും വിമുക്തനായി സ്വതന്ത്രത, നിർഭയത, നിത്യാനന്ദം എന്നിവയനുഭവിക്കുന്നു. ഇത് യോഗത്തിന്റെ പ്രമുഖമായ ഫലമാണ്.

**(തുടരും)**

*ആരോഹ തമസോ ജ്യോതിഃ (അഥർവ്വം 8.1.8)*
*അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് മുന്നേറിയാലും*





(മുൻ ലക്കത്തിന്റെ തുടർച്ച)



# പുരാണങ്ങൾ; സത്യവും മിഥ്യയും

കെ. എം. രാജൻ

അദ്ധ്യായം 2 — പുരാണങ്ങളുടെ സംക്ഷിപ്ത പരിചയം

**പാതാളഖണ്ഡം**

വിഷ്ണുവിന്റെ ശ്രീരാമ, ശ്രീകൃഷ്ണവതാരങ്ങളുടെ വിവരണമാണിതിൽ. രാമരാജ്യവർണ്ണന, ആദർശരാജ്യവ്യവസ്ഥയുടെ വിവരങ്ങൾ, അശ്വമേധയജ്ഞത്തിന്റെ വിവരണം, ഗണ്ഡകിനദി, സാളഗ്രാമശില എന്നിവയുടെ മഹിമയും വിവരിക്കുന്നു.

ശ്രീകൃഷ്ണ മാഹാത്മ്യം വിവരിക്കുന്നിടത്ത് രാധയുടെ ഏഴു പ്രധാനസഖികളായ ലളിത, ശ്യാമള, ധന്യ, ഹരിപ്രിയ, വിശാഖാ, ശയ്യാ, പദ്മ, ഭദ്ര എന്നിവരുടെ വർണ്ണനയുണ്ട്. ശ്രീകൃഷ്ണൻ ദ്വാരകയിലും വ്രജദേശത്തും താമസിക്കുന്നവർക്ക് സഹജ മുക്തിവരം നൽകുന്നത്, വൈഷ്ണവരുടെ അഞ്ചു പ്രകാരത്തിലുള്ള പൂജയും ഹൃദയശുദ്ധിയുടെ വർണ്ണനയുമുണ്ട്. ഭഗവാന്റെ ചതുർഭുജരൂപം, വിവിധകരങ്ങളിലുള്ള ശംഖ്, ചക്രം, ഗദ, പത്മം തുടങ്ങിയവയെല്ലാം വിവരിക്കുന്നു. 16 തരത്തിലുള്ള സാളഗ്രാമശിലയുടെ വർണ്ണന പറയുന്നുണ്ട്. വൈശാഖമാസമാഹാത്മ്യം, തുളസീമാഹാത്മ്യം എന്നിവയും ഈ ഖണ്ഡത്തിൽ പറയുന്നുണ്ട്.

**ഉത്തരഖണ്ഡം**

നാരദ-മഹാദേവ സംവാദത്തിലൂടെ ബദരികാശ്രമം, ഗംഗാവതരണം, ഹരിദ്വാറിന്റെ മാഹാത്മ്യം എന്നിവ വർണ്ണിക്കുന്നു. ഗംഗ, യമുന, പ്രയാഗം, കാശി എന്നീ തീർത്ഥസ്ഥാനങ്ങളുടെ വർണ്ണന, തുളസീ വ്രത വിധിയും മഹിമയും വിവരിക്കുന്നു. വിവിധ പ്രകാരത്തിലുള്ള ദാനങ്ങളുടെ മഹിമ, ജന്മാഷ്ടമിവ്രതം എന്നിവ വർണ്ണിക്കുന്നു. ഏകാദശിയുടെ ഉൽപ്പത്തി, കൃഷ്ണപക്ഷം, ശുക്ലപക്ഷം എന്നിവയിലെ തിഥികളുടെ സവിശേഷതകൾ എല്ലാം വിസ്തരിച്ചു വർണ്ണിക്കുന്നുണ്ടിവിടെ.

**3. വിഷ്ണുപുരാണം**

18 പുരാണങ്ങളിൽ മൂന്നാംസ്ഥാനം വിഷ്ണുപുരാണത്തിനാണ്. പരാശരഋഷിയുടെ രചനയാണിത് എന്ന് കരുതപ്പെടുന്നു. ഇതിലെ ഖണ്ഡങ്ങൾക്ക് അംശമെന്നാണറിയപ്പെടുക. 6 അംശങ്ങളിലായി 126 അദ്ധ്യായങ്ങളുണ്ട്. കൃഷ്ണചരിതമാണ് പുരാണത്തിന്റെ മുഖ്യ ഇതിവൃത്തം. എന്നിരുന്നാലും ഭാഗവത പുരാണത്തിലേതുപോലെയുള്ള ഭക്തി- സാധനാ വർണ്ണനകൾ വിശാലമായി നൽകിയിട്ടില്ല.

**(തുടരും)**

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ*



(മുൻലക്കത്തിന്റെ തുടർച്ച)

# ദ്രൗപദിയും പഞ്ചപതികളും

**അമർസ്വാമി സരസ്വതി**

**തർജ്ജമ: കെ.എം.രാജൻ**

**എ**ന്തെന്നാൽ ഇവർ ആരാണെന്നും എവിടെയുള്ളവരാണെന്നും ദ്രുപദന് അറിയുമായിരുന്നില്ലേ?

2. നിങ്ങൾ അഞ്ചുപേരും ചേർന്ന് അതിനെ കഴിക്കൂ എന്ന് കുന്തി പറഞ്ഞിട്ടുണ്ടാവുമോ?
3. അറിവില്ലായ്മ, പരിഭ്രമം എന്നിവയാൽ അമ്മയുടെ മുഖത്ത് നിന്ന് എന്തെങ്കിലും വാചകങ്ങൾ പുറത്തുവന്നാൽ അവ അനുചിതമാണെങ്കിൽ കൂടി പാലിക്കണമെന്നത് മക്കളുടെ കർത്തവ്യമാണോ?
4. കുന്തിയുടെ വാക്യങ്ങൾ ഏതർത്ഥത്തിലാണോ പറഞ്ഞത്, ആ അർത്ഥത്തിലാണോ അവർ പൂർത്തീകരിച്ചത്?
5. ദ്രൗപദിക്ക് ഒരേയൊരു ഭർത്താവേ ഉള്ളൂ എങ്കിൽ അതാരാണ്? അർജ്ജുനനോ അതോ യുധിഷ്ഠിരനോ?

മേൽ വിവരിച്ച വസ്തുതകൾ വിശദമായി പരിശോധിച്ചതിൽനിന്നും വ്യക്തമായ പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ ഇക്കാര്യം ഉറപ്പായി. ദ്രൗപദിക്ക് ഒരേയൊരു പതിയേ ഉണ്ടായിരുന്നുള്ളുവെന്നും അത് അർജ്ജുനനല്ല, യുധിഷ്ഠിരനായിരുന്നുവെന്നുമാണ്.

നിങ്ങളും മുൻവിധികളൊന്നുമില്ലാതെ നിഷ്പക്ഷമായി ഇക്കാര്യം ചിന്തിച്ചാൽ നിശ്ചയമായും യഥാർത്ഥ നിർണ്ണയത്തിലെത്തിച്ചേരാനാവും.

**വൈദിക ധർമ്മത്തിനായി**

**അമർസ്വാമി സരസ്വതി**

## ദ്രൗപദിക്ക് അഞ്ചുപതിമാരുണ്ടായിരുന്നോ!

### ഇത്തരം തെറ്റിദ്ധാരണകളുടെ ഏതാനും ഉദാഹരണങ്ങൾ

ദ്രൗപദിക്ക് അഞ്ചു ഭർത്താക്കന്മാരുണ്ടായിരുന്നുവെന്ന് ലോകത്തിൽ പ്രസിദ്ധമാണ്. ഏതെങ്കിലും പുസ്തകത്തിൽ എഴുതി വെച്ചിട്ടുണ്ട് എന്നതുകൊണ്ടുമാത്രം ഒരു കാര്യവും സത്യമാവണമെന്നില്ല. ചരിത്ര ഗവേഷകർ ഓരോ വിഷയത്തേയും ഗൗരവപൂർവ്വം അന്വേഷണം നടത്തി അവയിൽ ആഴത്തിലിറങ്ങി ചെന്നുവേണം ഏതെങ്കിലും വസ്തുക്കളെ അംഗീകരിക്കുകയോ തള്ളിക്കളയുകയോ ചെയ്യേണ്ടത്.

പുസ്തകങ്ങളിൽ എഴുതി പിടിപ്പിച്ചിട്ടുള്ള പല കാര്യങ്ങളും പ്രചരിപ്പിക്കപ്പെടുന്ന പലതും സാമാന്യബുദ്ധിക്ക് നിരക്കാത്തതാണ്. താഴെ പറയുന്നവ നോക്കുക.

1. ബ്രഹ്മാവിന് 4 തലകളും വിഷ്ണുവിന് നാലുകൈകളുമുണ്ടായിരുന്നു.
2. ദുർഗ്ഗക്ക് 8 കൈകളുണ്ടായിരുന്നു.
3. രാവണന് പത്തുതലകളും ഇരുപതുകൈകളുമുണ്ടായിരുന്നു.
4. ഗണപതിയുടെ തല ആനയുടേതും ഉടൽ മനഷ്യന്റേതുമായിരുന്നു.
5. ഹയഗ്രീവന്റെ ഉടൽ മനുഷ്യന്റേതും തല കുതിരയുടേതുമായിരുന്നു.

**(തുടരും)**

***യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)***

***ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ***





(മുൻലക്കത്തിന്റെ തുടർച്ച)

# ജീവിതം ഒരലൂയാഴി

**ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി**

## അദ്ധ്യായം –5



**ഉ**പഭോക്തൃ സംസ്കൃതനായിരുന്നില്ല സ്വാമി. അദ്ദേഹം സമൂഹനന്മക്കായി ചിലവഴിക്കാൻ മടിച്ചിരുന്നില്ല. അങ്ങനെ പാച്ചന്റെ ജീവിതം മാസങ്ങൾ നീങ്ങി കൊല്ലത്തോളമെത്തി. പാച്ചൻ ടൈപ്പിംഗിൽ സ്പീഡ് ഉണ്ടാക്കി. സ്വാമിക്ക് ഒരു ദിവസമൊരു കമ്പി സന്ദേശം കിട്ടി, അമ്മക്ക് സുഖമില്ലയെന്നതായിരുന്നു സന്ദേശം.

"ഞാൻ കുറച്ചു ദിവസം ലീവെടുത്ത് നാട്ടിൽ പോവുകയാണ്. ഞാൻ മടങ്ങിവരും വരെ തനിക്കിവിടെ ഫ്ളാറ്റും നോക്കി തനിച്ചുകഴിയാനാവുമോ? സ്വാമി ചോദിച്ചു.

"ഓ ആവാം, എനിക്ക് പേടിയൊന്നുമില്ല, മടിയിൽ ഘനമുണ്ടെങ്കിലല്ലെ വഴിയിൽ ഭയം വേണ്ടൂ? വിലപിടിച്ചതെല്ലാം പൂട്ടി സുരക്ഷിതമാക്കി പോണം." പാച്ചൻ സധൈര്യം പറഞ്ഞു.

കയറി ചെല്ലുന്ന തളവും അടുക്കളയും ബാത്ത്റൂമും ഒഴിവാക്കി ബാക്കിയെല്ലാമുറികളും അലമാരികളും മറ്റും പൂട്ടി ഭദ്രമാക്കി സ്വാമി പുറത്തേക്കുള്ള വാതിലിന്റെ താക്കോൽ മാത്രം പാച്ചന്റെ കയ്യിലേല്പിച്ചു.

സ്വാമി കുടുംബസമേതം യാത്രയാകും മുമ്പ് പാച്ചൻ നിന്നിരുന്ന ഹോട്ടൽകാരനോട് പാച്ചന് വേണ്ടുന്ന ഭക്ഷണമെല്ലാം നൽകാൻ പറഞ്ഞുവെച്ചിരുന്നു. അങ്ങനെ അവർ യാത്രയായി.

ഊക്കനൊരു ഫ്ളാറ്റിൽ പാച്ചനൊറ്റക്ക്. ഒരു പണിയും വേണ്ട. നല്ല സുഖം. പ്രഭാതത്തിൽ കുളിയും ദേവകാര്യങ്ങളും കഴിഞ്ഞാൽ വാതിൽ പൂട്ടി ഹോട്ടലിൽ പോയി ലഘുഭക്ഷണം കഴിച്ച് ടൈപ്പിംഗിനുപോകും. അതു കഴിഞ്ഞാൽ ഫ്ളാറ്റിലേക്ക് മടങ്ങും. ലൈബ്രറിയിൽനിന്നും കൊണ്ടുവന്ന അദ്ധ്യാത്മിക ഗ്രന്ഥങ്ങൾ വായിക്കലാണ് പിന്നെ പണി. അതിനിടെ ചിലപ്പോഴെല്ലാം രഘു വന്ന് കുശലാന്വേഷണം നടത്തി പോവാറുണ്ട്. പന്ത്രണ്ടോടെ ഊണിന് ഹോട്ടലിലേക്ക് തിരിക്കും. അങ്ങനെ സ്വാമിയുടെ ഫ്ളാറ്റുകാവൽക്കാരനായി ദിവസങ്ങൾ കഴിഞ്ഞുപോയി. സ്വാമിയുടെ ജ്യേഷ്ഠനും അവിടെ ഒരു വലിയ ഉദ്യോഗസ്ഥനാണ്. അദ്ദേഹമിടക്കിടെ അനുജന്റെ ഫ്ളാറ്റിൽ വരാറുണ്ട്. അനുജനേപ്പോലെ ഉദാരമനസ്കനാണദ്ദേഹവും. ഉയരംകൊണ്ടൽപ്പം താഴുമെന്നു മാത്രം.

**(തുടരും)**

***യന്തി പ്രമാദമതന്ദ്രാഃ (സാമം 721)***

***ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു***